"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എച്ച്ഐവി ബാധിതരായ രോഗികൾക്ക് ധനസഹായം അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.) വകുപ്പ്

G.O.(Rt)No.3543/2021/RD തീയതി,തിരുവനന്തപുരം, 20/10/2021

---

പരാമർശം:- സ.ഉ.(സാധാ)നം.3170/2021/റവ - നമ്പർ ഉത്തരവ്.

**ഉത്തരവ്**

മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എച്ച്ഐവി ബാധിതരായ രോഗികൾക്ക് ഓരോ ആറ് മാസം കൂടുന്തോറും 6000 രൂപ വീതം ലൈഫ് സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ DBT സംവിധാനത്തിലൂടെ അനുവദിച്ചു നൽകുന്നതിന് ജില്ലാ കളക്ടർമാർക്കു അധികാരം നൽകിയിരുന്നു. ഇത്തരത്തിൽ തുക നൽകുന്നതിന് എല്ലാ ജില്ലകളിലും ഏകീകൃതമായ രീതി നടപ്പിലാക്കണമെന്ന് ആവശ്യം ഉയർന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ലൈഫ് സർട്ടിഫിക്കറ്റ് , മെഡിക്കൽ സർട്ടിഫിക്കറ്റ് , റേഷൻകാർഡിന്റെ പകർപ്പ് , ആധാർ / തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് , ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ കളക്ടറേറ്റുകളിൽ നേരിട്ട് സ്വീകരിച്ച് ടി അപേക്ഷകളിലെ രഹസ്യസ്വഭാവം നിലനിർത്തികൊണ്ട് സി.എം. ഡി.ആർ.എഫ് പോർട്ടലിൽ ഡി നമ്പറിൽ റജിസ്റ്റർ ചെയ്ത് DBT സംവിധാനത്തിലൂടെ ഓരോ ആറുമാസം കൂടുമ്പോഴും 6000 രൂപ വീതം എച്ച്ഐവി ബാധിതരായ രോഗികൾക്ക് കളക്ടറേറ്റിൽ നിന്നുതന്നെ അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുവാദം നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനുള്ള പൂർണ്ണ അധികാരം ജില്ലാ കളക്ടറുമാരിൽ നിക്ഷിപ്തമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rari Rajan
Special Secretary

എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരളാ, തിരുവനന്തപുരം.
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.
റവന്യൂ (ഡി.ആർ.എഫ്. ബി,സി ) വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by Misha C P
Date: 28-10-2021 12:43:28
Reason: Approved

സെക്ഷൻ ഓഫീസർ